"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- മുഖ്യമന്ത്രിയുടെ ഓണസമ്മാനം- 2024 വർഷത്തിൽ സംസ്ഥാനത്തെ 60 വയസ്സ് മുതൽ പ്രായമുള്ള പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 1000 രൂപ വീതം ഓണസമ്മാനമായി വിതരണം ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

സ.ഉ.(സാധാ) നം.2208/2024/RD തീയതി,തിരുവനന്തപുരം, 12-09-2024

---

പരാമർശം:- 11.09.2024 തീയതിയിലെ സ.ഉ ( കൈ) നം. 30/2024/SCSTD.

**ഉത്തരവ്**

പരാമർശ ഉത്തരവിന്റെ വെളിച്ചത്തിൽ 2024 ഓണക്കാലത്ത് സംസ്ഥാനത്തെ 60 വയസ്സ് മുതൽ പ്രായമുള്ള 55506 പട്ടിക വർഗ്ഗക്കാർക്ക് 1000 രൂപ (ആയിരം രൂപ മാത്രം) വീതം മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി അനുവദിക്കുന്നതിന് ആകെ 5,55,06,000/- രൂപ (അഞ്ച് കോടി അമ്പത്തി അഞ്ച് ലക്ഷത്തി ആറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് (നമ്പർ 701121400000028) അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രസ്തുത ആവശ്യത്തിലേക്കായി വേണ്ടി വരുന്ന 5,55,06,000/- രൂപ (അഞ്ച് കോടി അമ്പത്തി അഞ്ച് ലക്ഷത്തി ആറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. പരാമർശ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തുക വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 12-09-2024 12:31:25

പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ബഹു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വികസനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി